SRIDHARA MENON

TARAVATI

F7

032:1N00:11
F7

00:11 F7
MENON(M.)
MUL
051129

Tharavali

# താരാവലി

ഗ്രന്ഥകൎത്താ

എം. ശ്രീധരമേനോൻ

M. Sridharan Menon

UNIVERSITY
MADRAS

ഒന്നാംപതിപ്പ് 1000 പ്രതി

ലക്ഷ്മീസഹായം അച്ചുകൂടം
കോട്ടയ്ക്കൽ.

1102 / 1927

വില 4_ണ.

5129
032 : 1N00:11

UNIVERSITY LIBRA[RY]
[illegible] APR. 19[illegible]9
MADRAS

# വിഷയാനുക്രമണിക

| | | |
|---|---|---|
| 1. | ഉണരിൻ ... ... ... ... ... | 1 |
| 2. | ശ്രമിക്കുവിൻ ... ... ... ... | 3 |
| 3. | ദയ ... ... ... ... ... | 6 |
| 4. | കമ്പിയില്ലാക്കമ്പി ... ... ... ... | 8 |
| 5. | ഒരു ഉൽബോധനം... ... ... ... | 11 |
| 6. | നിശീഥചിന്ത ... ... ... ... | 13 |
| 7. | ആപത്തിൽ പെട്ടാൽ ... ... ... | 15 |
| 8. | ഒരു ധീരബാലൻ ... ... ... ... | 18 |

# മുഖവുര

മലയാളത്തിലിപ്പോൾ ക്ഷാമമില്ലാത്തതു കവികൾക്കു മാത്രമാണു്. വാളെടുത്തവരെല്ലാം വെളിച്ചപ്പാടന്മാരാണെന്നു പറഞ്ഞതുപോലെ, തൂവലെടുത്തവരെല്ലാം കവികളായും തീർന്നിരിക്കുന്നു. ഇത്തരക്കാരുടെ സൃഷ്ടികളായ കവനങ്ങൾക്കാണെങ്കിൽ കയ്യുംകണക്കുമില്ലാതെ വർദ്ധിച്ചുവരികയും ചെയ്യുന്നു. കഴിഞ്ഞ ഏതാനും സംവത്സരങ്ങൾക്കുള്ളിൽ കവനകൌമുദി ആപ്പീസ്സിൽ വന്നടിഞ്ഞിട്ടുള്ളതും, ഇവിടെ കെട്ടിക്കിടക്കുന്നതുമായ ഈവക 'സൃഷ്ടിവിശേഷങ്ങൾ' തന്നെ മലയാളികളുടെ ഇപ്പോഴത്തെ കവിതാപരിശ്രമത്തിന്റെ പ്രാചുര്യത്തിന്നു മതിയായൊരു ലക്ഷ്യമാണല്ലോ.

ഇങ്ങിനെ കവികളും കവിതകളും കണക്കില്ലാതെ വർദ്ധിക്കുന്നതിൽമാത്രം നമുക്കത്ര പരിഭ്രമിക്കാനില്ല. നല്ലതൊക്കെ നശിക്കാതെ നിലനില്ക്കും; മറ്റെല്ലാം, പുതുമഴയ്ക്കുണ്ടാകുന്ന പാററകളുടെ കൂട്ടത്തിൽ, ജനിച്ചുഉടനെ നശിച്ചുപോകയും ചെയ്യും. പക്ഷേ നല്ലതും ചീത്തയും വകതിരിച്ചെടുക്കാതെ കയ്യിൽകിട്ടിയതെല്ലാം അടിച്ചുവിടുവാൻ അച്ചുകൂടക്കാർ ഒരുമ്പെടുകയും, വില്പനക്കാരുടെ പരസ്യങ്ങൾക്കുള്ള പിട്ടും മിരട്ടും കണ്ടു ജനസാമാന്യം ഭ്രമിച്ചുപോകയും ചെയ്യുന്നതു സങ്കടമാണു്. ഈ ഘട്ടത്തിൽ ഒരു കാര്യം പ്രത്യേകം

ആലോചിക്കേണ്ടതുണ്ട്. വാസ്തവമായ കവിതാവാസനയും,
മതിയായ അഭ്യാസവുമുള്ള കവികളും ഈ കൂട്ടത്തിൽതന്നെ
യാണ് രംഗപ്രവേശം ചെയ്യുന്നതു്. അങ്ങിനെയുള്ള യഥാർ
ത്ഥകവികളെ അറിഞ്ഞഭിനന്ദിക്കുകയും, അവസ്ഥാനുസര
ണം പ്രവൃത്തിയിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു ഭാ
ഷാപ്രണയികളുടെ പ്രധാനമായ ഒരു ചുമതലയാണ്. എ
ന്നാൽ ആവിധമല്ലാതെ, ക്ഷുദ്രകവികളെ മഹാകവികളാക്കി
ക്കൊട്ടിഘോഷിക്കുകയും, യഥാർത്ഥമഹാകവികളെ ര
ണ്ടാംകിടക്കാരെന്നാക്ഷേപിക്കുകയും ചെയ്യുന്നതിൽപ്പരം ക
ഠിനമായ ഒരപരാധം ഭാഷക്കു ചെയ്യാനില്ല.

പ്രസ്തുതപുസ്തകകർത്താവാകട്ടെ, വളരെ ചെറുപ്പ
ക്കാരനാണെങ്കിലും, സാഹിത്യലോകത്തിൽ പുതുതായി രം
ഗപ്രവേശം ചെയ്യുന്ന ഒരു കവിയല്ല. കവനകൌമുദിയി
ലും മിതവാദിയിലും ഈ കവിയുടെ പല കൃതികളും മുമ്പു
ചേർത്തിട്ടുള്ളതു വായനക്കാർ കണ്ടിരിക്കുമല്ലോ. അനി
തരസാധാരണമായ പാണ്ഡിത്യമോ, അതികലശലായ സാ
ഹിത്യപരിശ്രമമോ നമ്മുടെ കവിക്കില്ലെങ്കിലും, വാസനാ
ഭാസുരവും, സാരോപദേശസുന്ദരവുമായ ഇദ്ദേഹത്തിന്റെ
കവനരീതി സഹൃദയന്മാരെ സവിശേഷം രസിപ്പിക്കുന്ന ഒ
ന്നാണെന്നു് ആരും സമ്മതിക്കാതിരിക്കയില്ല. ഇതിലധി
കമൊന്നും പ്രസ്തുതകവിയെപ്പററി ഞാനിവിടെ പ്രസ്താവി
ക്കണമെന്നും വിചാരിക്കുന്നില്ല.

ഈ യുവകവിയുടെ പ്രധാനകൃതികളിൽ എട്ടെണ്ണം
മാത്രമാണ് പ്രസ്തുതപുസ്തകത്തിൽ ചേർത്തിട്ടുള്ളത്. മററു

ല്ലാം ഏറെക്കുറെ മതതത്വപ്രതിപാദകങ്ങളാകയാൽ പ്രത്യേകമൊരു പുസ്തകമാക്കാൻ തീർച്ചപ്പെടുത്തിയിരിക്കയാണു്. ഈ പുസ്തകത്തിൽതന്നെ എന്തെങ്കിലും ഒരു വിശിഷ്ടതത്വത്തെ വിശേഷമായി പ്രതിപാദിക്കാത്ത ഒരൊററ കൃതിയുമില്ല. കാലക്രമേണ ഈ കവി വലിയൊരു നിലയിലെത്തുമെന്നു് ഈ ചെറുകൃതികൾതന്നെ വിശദമായി കാണിക്കുന്നതുകൊണ്ടു് ആ ശോഭനമായ ഭാവിയെ പ്രതീക്ഷിക്കുക മാത്രമേ തൽക്കാലം ഇവിടെ ചെയ്യുന്നുള്ളു.

കോട്ടക്കൽ
1927 ഏപ്രിൽ 20-നു-

പി. വി. കൃഷ്ണവാരിയർ.
കവനകൌമുദി പത്രാധിപർ.

## ശുദ്ധിപത്രം

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
| --- | --- | --- | --- |
| 22 | 18 | ശി | നി |
| 23 | 19 | ധി | തി |

UNIVERSITY LIBRARY
28 APR. 1929
MADRAS

# താരാവലി

## ഉണരിൻ!

ഉണരുവിൻ! രവി പൊങ്ങി,യുൾപ്രഭോ-
കണമിപ്പോഴുമൊളിച്ചുവെക്കയോ?
ഉണരിൻ! നവലോകബന്ധുവിൻ
പ്രണയപ്പൊൻകരമാശു വാങ്ങുവിൻ! 1

വിരിയുന്നു സുമങ്ങൾ; നിങ്ങൾ കൺ-
വിരിയാതിങ്ങിനെ മൌഢ്യമല്ലയോ!
വിരി വിട്ടെഴുന്നേററു നിന്നു പു-
ഞ്ചിരിയാൽ പാരിതു ശുഭ്രമാക്കുവിൻ! 2

അടിമത്തററി മറിഞ്ഞിതേവരെ-
ച്ചൊടികൂടാതിരുളിൽ കഴിച്ച നാം
മുടികെട്ടിയിറങ്ങണം; നമു-
ക്കടിമച്ചങ്ങലയിന്നറുക്കണം! 3

ചളിയിട്ട പദങ്ങൾ വെച്ചു നാ-
മൊളിവീശുന്ന സുധർമ്മവാളിനെ
വെളിവാക്കി,യധർമ്മജാതിയെ-
ത്തെളിവോടേററു ജയിക്കണം ക്ഷണം! 4

തടവെന്നിയെ നാമെടുത്ത വാൾ
ഭടരേ! ചോര കൊതിച്ചിടാത്തതാം!
അടവില്ലതിന്നേറെ; നേർക്കു നി-
ന്നടരാടാം, വിജയം ലഭിച്ചിടാം! 5

വരുവിൻ! വഴിവിട്ടിടാതെ നാ-
മൊരുമിച്ചിന്നു നടന്നു പോയിടാം;
ഒരു വന്നുമിയന്നിടുന്നത-
ല്ലൊരു ചാൺ നമ്മെ വിലക്കുവാൻ ബലം. 6

ഉടലെന്തി,നനീതിയോടു നാം
പടവെട്ടാനപടുക്കളാവുകിൽ?
സ്ഫുടമാം ശ്രമമെന്നിയെ ജയ-
ക്കുട ചൂടാൻ കഴിയുന്നതാകുമോ? 7

ഉണരിൻ! ചെറുപക്ഷിക്കൂടിയി-
ല്ലുണരാതിസ്സമയത്തൊരേടവും!
ഉണർവാർന്നു സുമങ്ങളും നറും-
മണമെങ്ങും ചൊരിയുന്നു, നോക്കുവിൻ! 8

# ശ്രമിക്കുവിൻ!

(കേക)

---

രണ്ടുപേർ തമ്മിൽ കണ്ടാലുള്ളൊരുപൊള്ളയാം വൈര-
മച്ചെണ്ട കർണ്ണാരുന്തുദം കൊട്ടുവാൻ സന്നദ്ധർ നാം!
അന്യദൂഷണത്തിനായിളകാൻ മാത്രം ശക്തി-
ചേർന്നതേയുള്ളുവെന്നോ നമ്മുടെ നാവിന്നെല്ലാം!
വൃക്ഷശാഖകൾ കാറ്റിലന്യോന്യം തല്ലുംപോലെ
രൂക്ഷവൈരത്തിൽ മർത്ത്യസംഘങ്ങൾ പോരാടുന്നു!!
തങ്ങൾ ഹാ! പൊട്ടിപ്പുറപ്പെട്ടുള്ള തടിയൊന്നാ-
ണെങ്ങിനെയിവരിതിൻ വാസ്തവമറിയുന്നു? 8

കഷ്ടമേ കഷ്ടമൊരു വീട്ടിലുള്ളവർപോലും
കഷ്ടിച്ചു യോജിക്കുവാൻ വിഷമം വേണ്ടുന്നതിൽ!
ഏതൊരു ദുശ്ശക്തിയാൽ ഭ്രയന്ത്രം നിയന്ത്രിതം
ചേതസ്സു മനുഷ്യർക്കിമ്മട്ടഹോ! ദുഷിക്കുവാൻ? 12

മതമോ മനുഷ്യൻെറ സൃഷ്ടിയാണെന്നാകിലു-
മതഹോ തമ്മിൽ തമ്മിൽ തല്ലിപ്പൂ നമ്മെയിപ്പോൾ.
സന്തതം മതപ്പേരും പറഞ്ഞു കൊട്ടുംകാട്ടു-
ജന്തുവെപ്പോലെ ക്രൌര്യം കാണിപ്പതാർക്കു ചേരും? 16

ഏകമാം യോഗക്ഷേമവാപിതൻ നാലുപാടും
ശോകപര്യവസായിജാതിച്ചാലുകൾ വെട്ടി

ജീവിതമസ്വാതന്ത്ര്യപ്പാഴ്മണൽപ്പരപ്പിലേ-
ക്കായ് വൃഥാ തിരിക്കുന്നു, നാമത്തു വററിക്കുന്നു,

സൌഹാർദ്ദക്ഷേമത്തണൽ നല്കിയ കല്പദ്രുമവെ-
ട്ടാഹസത്തോടേ ജാതിക്കൈവാളിന്നിരയാക്കി,
നാമിതാ! കൊടുംവെയിൽ കൊള്ളുന്നു, കയ്യിലുള്ളാ-
ഭ്ഭീമമാമായുധത്താലന്യോന്യമെതിർക്കുന്നു!

എത്രനാളിനിയും നീയിങ്ങനേ കഴിഞ്ഞീടും
ദ്ദുർദ്ദശയെപ്പററ നാടേ! കേരളാജ്ഞനേക്കാടേ!
എന്തിനു മതം നമുക്കെന്തിനു നരജന്മം
ഹന്ത! സന്താപം മാത്രം തരുവാൻ ശക്തമെന്നാൽ.

സ്വാർത്ഥികൾ ചിലർ പണ്ടു ശാസ്ത്രമാമിരുമ്പഴി
കോർത്ത കൃത്രിമാചാരക്കൂട്ടിലീ നമ്മെയിട്ടാർ;
കൊത്തുവാനരിമണി കിട്ടാതെയായിട്ടും നാം
തത്തകൾപോലെയവർ ചൊല്ലിയതുച്ചരിച്ചും,

സോദരസാമീപ്യത്തെശ്ശപിച്ചും, വിലക്കിയും,
സ്വോദരംഭരികളായ് വാഴുന്നതുചിതമോ?
വേഷഭാഷാദികളിൽ വ്യത്യാസപ്പെടാത്ത നാം,
ഭോഷരായ്, നിനയ്ക്കാമോ വിഭിന്നരെന്നും മററം.

ഉദ്യോഗപ്പന്തു കാട്ടുമധികാരസ്ഥന്മാരെ-
യദ്യാപി കളിപ്പിള്ളർകണക്കേ ചുഴന്നു നാം

കയ്യുകൾക്കുറയുന്ന മറവബാലർതൻ ശുഷ്ക-
മെയ്യുകൾ മണ്ണിൽ തള്ളി നില്ക്കയോ ചിത്രം ചിത്രം!

ഇങ്ങിനെയാണോ നമ്മൾ ചങ്ങാതിമാരേ! തീരെ
മങ്ങിയ നമ്മത്തിരി കൊളുത്താൻ ശ്രമിക്കേണ്ടു?
മത്സരച്ചളിനീരിലാണ്ടോരിത്തിരിയുണ്ടോ
മത്സഖാക്കളേ! കത്തിപ്പിടിക്കുന്നിതു വേഗം?

വർണ്ണാദിഭേദം ദൂരെക്കളഞ്ഞു കൈകോർത്തു നാ-
മുണ്ണാനുമുറങ്ങാനുമുദ്യോഗം ഭരിപ്പാനും
ഏതൊരുകാലം വരു,മക്കാലംമാത്രം നമു-
ക്കാതങ്കം മാഞ്ഞുപോകും, സ്വതന്ത്രരാവും നമ്മൾ.

അന്യരോടനുകമ്പാപൂർവ്വം നാം പെരുമാറി-
യെന്നുമേ സാഹോദര്യം വളർത്താൻ മുതിർന്നീടിൽ
സർവ്വമംഗളാദേവി സൽകൃപാമൃതം തൂകി-
സ്സർവ്വർക്കും സംതൃപ്തിയെത്തന്നീടും; ശ്രമിക്കുവിൻ!

## ദയ

---

മരുവിൽ ഖർജ്ജൂരമാധുര്യംപോലെ, വാനിൽ
ഉല്ലലതും മോഹനമായ താരപോലെ,
നിലനില്പു, കെടാവിളക്കുപോൽ, നി-
ർമ്മലഹൃത്തിൽ ദയ, ലോകസൌഖ്യബീജം. 1

അലിയും മലമഞ്ഞിയന്ന ഗംഗാ-
സലിലത്തിൽ പലർ ചെന്നു മുങ്ങിടുന്നു;
അലിവാമൊലിവിൽ കുളിപ്പവർക്കേ
മലിനത്വം ഭുവി മാഞ്ഞുപോകയുള്ളൂ? 2

കനിവുത്തമചിത്തവല്ലി കായ്ക്കും
കനിയാ,ണാരുമിതാസ്വദിച്ചുവെന്നാൽ
അനിശം രുചിവിട്ടിടാതെ, ദാതാ-
വിനിയും വാഴണമെന്നു നേർന്നുകൊള്ളും. 3

ഇരവും പകലും പരന്റെ ദുഃഖോൽ-
ക്കരനാശത്തിനൊരുങ്ങിടും ദയാലു;
ഉറവിൽ ജലമെന്നപോലെയുള്ളിൽ
കുറയില്ലാ ദയ, തൽപ്രവാഹമൂലം. 4

അതിയാം ജനതൃപ്തിയും നരർക്കി-
ക്ഷിതിയിൽ ക്ഷേമവുമാശു നേടിവെപ്പാൻ
അധികാരവലിപ്പമുള്ള നാവിൻ
ഉപാധിയെക്കാളും കരുണയ്ക്കു ശക്തികൂടും. 5

ർമ്മമാർന്നു ദയതന്നാളിച്ചിരിക്കും
സ്വരമാധുര്യമെഴുന്ന പക്ഷിപോലും
നരരേ! ദയ നിങ്ങൾ കാട്ടിയെന്നാൽ
സരസം വന്നരികത്തണഞ്ഞു പാടും. 6

ഭുവനത്തിനു ഹേതുഭൂതയാരാ-
ണവ,ളാശ്ശക്തി, ദയാപയോധി—നല്ലി
ദിവസംപ്രതി കൂരിരുട്ടു നീങ്ങാ-
നവനിക്കിന്ദുവിനേയുമർക്കനേയും. 7

ഒരു വീട്ടിലെഴുന്ന ബാലർപോലേ
പെരുമാറാൻ, കുളിർമാരിയാം മുലപ്പാൽ
തരുമർത്ത്യമൃഗാദിഭേദമോക്കാ-
തരുളുന്നുണ്ടവൾ സർവ്വജീവികൾക്കും. 8

പ്രിയതാതനെ, മഞ്ജുളാംഗിയാളാം
പ്രിയയെ, പ്രോജ്വലരാജ്യലക്ഷ്മിതന്നെ,
ദയ പാരിനോടാർന്നമൂലമല്ലോ
സ്വയമേ ഗൗതമനന്നു സന്ത്യജിച്ചു. 9

തൊഴുവൻ തൊഴുവൻ! പ്രശാന്തമായി-
ട്ടൊഴുകും നിമ്നഗയാം മഹാദയേ! ഞാൻ;
മുഴുവൻ ധരണീതലത്തെ നീയേ
കഴുകുന്നുള്ളു കളങ്കപങ്കഹീനം. 10

## കമ്പിയില്ലാക്കമ്പി
(ഗാഥാ)

---

കത്തിയൊലിക്കുന്ന കാട്ടാറിലെജ്ജലം
സത്വരം ക്ഷോഭിച്ചു പൊന്തുംപോലെ,
മാപ്പിളമാരേറനാട്ടിൽക്കലമ്പലി-
ലേർപ്പെട്ടു കൊള്ളകൾ ചെയ്യുമൂലം,

എത്ര ഭവനങ്ങൾ തീരെ നശിച്ചുപോയ്!
എത്രയെത്രാളുകൾ ചത്തുപോയി?
ക്ഷന്തവ്യമല്ലാത്ത നീചകർമ്മങ്ങള-
മെന്തെല്ലാംമട്ടിൽ നടന്നു നാട്ടിൽ.

ദാരിദ്ര്യത്തീയുണ്ടത്തോക്കുകളെത്രയീ-
പാരിനെച്ചുട്ടു കരിച്ചതില്ല?
കത്തിജ്ജ്വലിച്ച കലഹാഗ്നി കെട്ടുപോയ്,
പൂർത്തിയായ് കാരാഗൃഹോദരങ്ങൾ!

'അന്ധമൻ'ദ്വീപിവക്കു ജ്വാലയൊരു
ബന്ധുഗൃഹമായ് ച്ചമഞ്ഞുവല്ലോ.
നാട്ടിലോ നട്ടംതിരിയുന്നു ദുർഭിക്ഷ-
ക്കൂട്ടിൽ കിടക്കുന്ന മററു കൂട്ടർ.

പള്ളികൾപോലേററം പാവനമായുള്ള
പള്ളിക്കൂടങ്ങളുയർന്നിടാതെ

ഇന്നാട്ടിലെന്തു നാം കാണുന്നു കഷ്ടമ-
ത്യുന്നതഗംഭീരക്കുന്നുകളോ!

അല്ലല്ല, നമ്മൾക്കു കിട്ടിയനന്തര
നല്ല ഭടർകലർന്നുള്ള സൈന്യം
അഞ്ചാറുദിക്കിൽ ശിബിരങ്ങൾ തീർത്തവ-
രഞ്ചാതെ വാഴുന്നു രക്ഷയ്ക്കായി.

എന്നല്ല, കാൺമൂ നാം "കമ്പിയില്ലാക്കമ്പി"-
യെന്നൊരു സന്ദേശവാഹിയന്ത്രം!
വക്താവു കാതങ്ങൾ ദൂരെയിരുന്നാലും
വ്യക്തമായ് കേൾക്കാമവന്റെ ശബ്ദം.

ശ്രോതാവിനുണ്ടായിരിക്കുമരികില-
മ്മാതിരിയന്ത്രം മഹാവിചിത്രം!
കാലവിളംബനം ദൂരസ്ഥിതിഭേദം-
മൂലം വരുന്നതുമല്ല തെല്ലും!

കാലാന്തരംകൊണ്ടു മൂല്യം കുറഞ്ഞിടാം,
മേലാൽ ഗൃഹംതോറുമെത്താമിതും!
മന്ദിരംതന്നിലീക്കമ്പിയില്ലാക്കമ്പി-
യിന്നുമുണ്ടെന്തിനു കാക്കുന്നു നാം?

മർത്ത്യന്റെ മസ്തിഷ്കമാണതിൻവ്യാപാര-
ശക്തിയെ സൂക്ഷിച്ചീടുന്ന പെട്ടി!
ചീത്തയും നല്ലതുമായ വിചാരങ്ങ-
ളിത്തലയന്ത്രത്തിൻസന്ദേശങ്ങൾ!

എത്രയോ വേഗത്തിലാണവ പായുന്ന-
തെത്രയോ ദൂരത്തിൽ നാമറിയാം;
നാവിൻസഹായം ഗണിക്കാതെതന്നെയി-
ഭൂവിലിവ ഫലം കാട്ടിടുന്നു! 44

ഇച്ചിന്തനങ്ങളുളവാക്കിടുന്നു നാ-
മൊഴ്പ്പെടുത്തുന്ന ദുഃഖസുഖം!
വ്യക്തമായ് നമ്മുടെ കമ്പിയില്ലാക്കമ്പി-
ശ്ശക്തിയുള്ളക്കായ മസ്തിഷ്ക്കത്തിൽ 48

ചെന്നുചേരുന്നതുമാവിധമായതിൽ-
നിന്നു വരുന്നതുമാ,യസംഖ്യം
സന്ദേശമുണ്ട,വ നൽകുന്നു നമ്മൾക്ക
സന്ദേഹമില്ലാത്ത സ്വാനുഭവം! 52

---

# ഒരു ഉൽബോധനം

ഒരുകാലമനാകുലം പണ്ട-
ത്തരുവിൻ മോഹനസൂനമായ നീ
കരുതാതെയിതാ! നിലത്തു വീ-
ണരുളാറായിതു കാലശക്തിയാൽ! 1

"പുരയില്ലയെനിക്കു പാർക്കുവാ-
നരമൂടാൻ തുണിയില്ല നല്ലതായ്
പരമിങ്ങിനെയോർത്തുകൊണ്ടു നീ
കരൾവാട്ടുന്നതു കാണുവാൻ പണി. 2

പരരോടു നടന്നിരന്നു നിൻ-
കരമെന്നും നിറയുന്നതാകുമോ?
കരയേണ്ട സഖേ! ധനക്ഷയം
നരലോകത്തിലെ നിത്യസംഭവം! 3

ഇളയോർ, പെരിയോർ— ഇതൊക്കെ നാ-
മുളവാക്കുന്നു വിചാരശക്തിയാൽ;
ഇള കാത്തുവരുന്നവർക്കൊഴി-
ല്ലിളകാത്തുള്ളൊരവസ്ഥ സോദര! 4

അഴലേകുമതൃപ്തിയിൽ കിട-
ന്നുഴലും ചഞ്ചലമായ ജീവിതം
മഴവിട്ടു വരണ്ട നാട്ടിലെ-
പ്പുഴയെപ്പോലതിശൂന്യമെപ്പൊഴും. 5

അരനാഴിക തങ്ങൾ കണ്ടൊര-
സ്ഥിരമാം വിത്തമകന്നു പോവുകിൽ,
നരകത്തെ, ദുഷിച്ച ഹൃത്തിനാൽ
വിരചിക്കുന്നു മനുഷ്യരൂഴിയിൽ. 6

അണയേണ്ട പരാലയം ഭവാൻ
തുണ കിട്ടാൻ; അതു നിങ്കലുള്ളതാം;
പണമെന്തിനു വേണ്ടതിൽപരം
ഗുണമുള്ളോർക്കു ദിനം നയിക്കുവാൻ. 7

ധനപുഷ്ടി നിനക്കിരുന്നനാൾ
മനമൊട്ടും തടവാത്ത നിർവൃതി
വിനയാന്വിതനായ നിന്നിലി-
ന്നനഘം കാണ്മതിനാണു കേൾ വഴി! 8

ഉദരാർത്ഥമെടുക്കു വേല, നിൻ-
കദനം നീക്കുവതിന്നിതൌഷധം;
ഉദയംമുതലന്തിയോളവും
സദയം ഭാസ്കരനുണ്ടു നിൻസഖി. 9

അരുണൻ ചൊരിയുന്ന പൊന്നുമി-
ന്നരുമത്തിങ്കൾ തരുന്ന വെള്ളിയും
കരുതാൻ കഴിയുന്നതാകിൽ നീ
പെരുമപ്പെട്ട കുബേരനല്ലയോ? 10

തവ സോദരരാണു സർവ്വരും;
ഭുവനംതന്നെ നിനക്കെഴും ധനം;
അവസാനദിനംവരെബ്ഭവാ-
നിവയാനന്ദനിദാനമോർക്കെടോ! 11

# നിശീഥചിന്ത

(വഞ്ചിപ്പാട്ട്)

---

തങ്കക്കതിർമാല ചൂടി നാം കണ്ടൊരു ഭൂമിയിതാ
സങ്കടപ്പെട്ടുഴലുന്നു ധ്വാന്തമഗ്നയായ്!
ഭുവനമേ! തവ സ്ഥിതിയീവിധംതാൻ; അല്പസുഖ-
മവസാനിപ്പതോ ഘോരമതിദുഃഖത്തിൽ!
പടിഞ്ഞാറേ ജലാശയം നിൻപതിയാമാദിത്യനേ
പിടുങ്ങിയതോർത്തുകൊണ്ടോ മുഖംകരിഞ്ഞു?
എന്നുമിതനുഭവിപ്പൂ, എന്നും കാന്തൻ വന്നുകാണ്മൂ;
പിന്നെയെന്താണിതു വെറുംനേരംപോക്കല്ലേ?
വെറുതേ നീ വലയേണ്ടാ; വരൻ മുങ്ങിമരിച്ചീലാ,
മറുഭാഗം തവ കാണ്മാൻ മറഞ്ഞതല്ലോ!
പൂർവ്വദിക്കിൽ പൂർണ്ണാഭനായ് വീണ്ടും നേരംപുലരുമ്പോൾ
സർവ്വസാക്ഷി വരുമല്ലോ തവ വല്ലഭൻ!
സ്വർണ്ണവർണ്ണക്കരങ്ങളാലപ്പോൾ നിന്നെയ് തലോടീട്ടും,
നിർണ്ണയം നീ വിളങ്ങീടും സുന്ദരിയായി!
കൂരിരുളാൽ വിഴുങ്ങപ്പെട്ടുള്ള നിന്റെ വഴികളിൽ
കാറിനങ്ങൾ മീതേ നിന്നു കറുത്ത മഷി
കോരിക്കോരിച്ചൊരിയുന്നു കഷ്ടമിതാ! നിന്നവസ്ഥ
പാരമയ്യോ! പരുങ്ങലായ് പിന്നെയും കാണ്മൂ!
ആപത്തൊന്നണഞ്ഞദിക്കിലാകെ ദുഃഖമണയ്ക്കുവാൻ
പാപബുദ്ധിക്കില്ലാത്തുണ്ടോ കണ്ണുറയ്ക്കുന്നു?
ഇന്നലേയുംകൂടിച്ചാരുരത്നജാലമണിഞ്ഞു നൽ-
ചന്ദനത്തുപ്പൊട്ടുമായിക്കൺകുളിർക്കവേ

യാമിനിയാം തവ സഖി നിന്നിരുന്നാലും; അവളിന്നൊ
ഭീമമാകുമന്ധകാരപ്പിശാചുതന്നെ!
മർത്ത്യർ സ്വാർത്ഥതല്പരർ നിന്നത്തൽ കണ്ടു കൂട്ടാക്ക—
പത്തനങ്ങൾക്കുള്ളിൽവെച്ചു വിളക്കണച്ചു!
അർക്കരശ്മിവീഴുമ്പോഴുമുൾക്കണ്ണുകൾ തുറക്കാത്തോ-
ർക്കൊക്കെയന്ധകാരംതന്നെയുറക്കംതന്നെ!
ആരുമില്ല നിനക്കിപ്പോളർദ്ധരാത്രിസമയത്തെ-
ന്നൊരു കുറ്റം കളയുവാൻ മതിരുംപോലെ,
അങ്ങുമിങ്ങും മിന്നാമിനുങ്ങുണ്ടു ചെറുദീപങ്ങളെ-
ബ്ഭംഗിയോടേ തൂക്കിപ്പിടിച്ചുലഞ്ഞീടുന്നു!
ആയവയറിയുന്നില്ലീവൻതമസ്സാം കടലിന്റെ
ആഴവും പരപ്പും പരശുശ്രൂഷാവേശാൽ!
മെച്ചമോടേ ലോകാംബതൻ മുമ്പിൽവെച്ചു വണങ്ങുന്ന
കൊച്ചുകാണിക്കക്കുമുണ്ടാം കുറച്ചു മൂല്യം!
മന്ദബുദ്ധിയാണെന്നാലും, മാന്യതയില്ലെന്നാകിലും,
മണ്ണെണ്ണയിലെരിയുന്ന വിളക്കുമായി
ഞാനിരിപ്പൂ മഹാതായേ! ഭവതിതൻ മുലപ്പാല-
ഞ്ഞാനിയിവൻ കുടിച്ചതു മറക്കാവതോ?
ദൂനമാകും തവ സ്ഥിതി കണ്ടു മാരിയെന്ന ഭാവാൽ
വാനക്കരിംപാറകൂടി കരയുന്നല്ലോ!
കൂരിരുട്ടേ! വിലങ്ങിപ്പോം; കൂർത്ത നിന്റെ ദംഷ്ട്രകളാൽ
പാരിലുള്ള ദുഷ്ടന്മാരെക്കത്തിപ്പിളർക്കൂ.
അഴലിത്ര വേണ്ടായിനിബ്ഭുവനമാതാവേ! നിന്നു
മഴ; കാറും കലങ്ങുവാൻ തുനിഞ്ഞിടുന്നു;
ആകാശവും നിജതാരാനയനങ്ങൾ തുറക്കുന്നു;
ഭേകാവലി മീതേ നോക്കി നന്ദിചൊല്ലുന്നു!
എൻകണ്ണുകൾ മയങ്ങട്ടേ,യുണരുമ്പോൾ ഭവതിയെ-
ത്തങ്കക്കതിരവൻതന്റെ കയ്യിൽ കാണട്ടേ!

---

## ആപത്തിൽ പെട്ടാൽ

ധരാതലം പോർക്കളമാണു്; തോൽവിയും
വരാം ചിലപ്പോൾ ജയവും നരർക്കതിൽ;
നിരാകുലം രണ്ടിലുമേകഭാവമേ
വരാവൂ, വാടാതെ വസിച്ചുകൊള്ളുവാൻ. 1

കുറച്ചുമുമ്പേ ധനിയായവൻ വഴി-
പ്പുറത്തിരപ്പാളികണക്കെ നില്പതും,
ഉറച്ച സൽകീർത്തിയണിഞ്ഞിരുന്നവൻ
വിറച്ച കാൽവെപ്പതുമിന്നു കാൺമൂ നാം; 2

ഉയർന്നതിന്നുണ്ടൊരു താഴ്ച, താണതി-
ന്നുയർച്ചയും; വാഴണമാടലെന്നിയേ;
വിയത്തിലുച്ചസ്ഥിതനായ സൂര്യനും
സ്വയം പതിക്കുന്നതു കാണ്മതില്ലയോ? 3

തനിക്കതിൽ സങ്കടമില്ല,ട്ടത്തനാൾ
തനിച്ചു പൊൻകാന്തിപൊഴിച്ചുദിച്ചിടാം;
തുനിഞ്ഞുവെന്നാലിതുപോലെയാർക്കുമി-
ങ്ങനിത്യമാം വീഴ്ചയെ വിട്ടുകേറിടാം. 4

നരർക്കെഴും ദുസ്ഥിതി തങ്ങൾ പോറമമാ-
ക്കരൾക്കരുത്തിന്നു പരീക്ഷതന്നെയാം;

കുറച്ചു പേരാസമയം ജയിച്ചിടാം,
കുറച്ചുപേർ വീണ്ടുമധഃപതിച്ചിടാം. 5

അടുക്കുമാപത്തുകളോടെതിർക്കുവാൻ
മിടുക്കുകൂടാത്തവരെങ്ങുമേ സദാ
കുടുക്കിലായീടിന നാല്ക്കാൾപോലവേ
കടുസ്വരംകൊണ്ടു കുഴക്കുമൂഴിയെ. 6

തഥാവിധാരിഷ്ടമണഞ്ഞിടുമ്പൊഴും
വൃഥാ പുലമ്പാതെ, പൊഴിച്ചു പുഞ്ചിരി;
പ്രഥാർഹരെല്ലാരെയുമേതുനാളിലും
യഥാർത്ഥബോധത്തൊടു നേരെനോക്കിടും.

മനുഷ്യരിഷ്ടപ്പെടുവാൻ ഞെരുക്കമാ-
ണനുക്ഷണം സങ്കടമാർന്നു ദുർമ്മുഖം;
മിനുത്ത മന്ദസ്മിതചാരുവക്ത്രമാ-
ണനുഗ്രഹിക്കുന്നതു ഭാഗ്യലക്ഷ്മിയാൾ; 8

പൊരുത്തു ചൊല്ലാൻ വിവിധാവലാധിയു-
ള്ളൊരുത്തനെത്തന്റെ സഖാക്കൾകൂടിയും
തെരുന്നനെത്തള്ളിയകന്നുപോം, മടു-
ത്തിരുന്ന ബന്ധുക്കളുമപ്രകാരമേ. 9

ഉണർച്ചയും ശക്തിയുമുള്ള മർത്ത്യരോ-
ടിണങ്ങിവാഴാൻ മനുജർക്കു വാഞ്ഛിതം;
അണഞ്ഞകഷ്ടങ്ങളെടുത്തു ചൊല്ലിടും
പിണങ്ങൾതൻ പാഴ്നിഴൽ തേടുകില്ലവർ! 10

ഒരുത്തനിന്നുള്ള വിപത്തു തന്റെ കൈ
വരുത്തിവെക്കാത്തതുതന്നെയെങ്കിലും
വെറുത്ത വാക്കാൻസ്ഥിതിയിങ്കലെത്രമേൽ
ചുരുക്കിടുന്നോ ദു:ഖമത്ര മേന്മയാം! 11

അടക്കമോടേതൊരു കഷ്ടവും നരൻ
കടക്കുവാനുള്ള കരുത്തുനേടണം;
ഉടയ്ക്കണം തൻവഴിയിൽ ശിലാസമം
മുടക്കമങ്ങിങ്ങു കിടന്നു കാണുകിൽ. 12

## * ഒരു ധീരബാലൻ

പാരിസ്സു, വിപ്ലവഭയങ്കരവീചിവൃന്ദം
പൂരിച്ച മർത്ത്യരുധിരക്കടലായി മാറി;
നേരിട്ടെതൃത്ത ജനമന്നധികാരിമാരോ-
ട്ടൂരിപ്പിടിച്ച കരവാളുകൾ കണ്ടിടാതേ. 1

വിത്തപ്രഭാവമെഴുവോർ നിജകേളിസൗധ-
മെത്തപ്പുറങ്ങൾ വെടിയാതെയതേവരെക്കും
ചിത്തപ്രമോദമൊടു വാണതു പോയി; പൗര-
രത്തൽപ്പെരുംകുഴി കുഴിച്ചവരെപ്പെടുത്തി. 2

അന്നാളിലാപ്രജകൾതൻ നിശിതാസികൾക്ക-
മൊന്നായ് നിരന്ന പല തൂക്കമരത്തടിക്കും
സന്നാഹസൗഖ്യസഹിതം പ്രഭുകായമാംസം
തിന്നാശതീർപ്പതിനെളുപ്പമനല്പമാർന്നു. 3

---

* ചരിത്രപ്രസിദ്ധനായ നെപ്പോളിയൻ പാരിസ്സുപട്ടണത്തിൽ നടന്ന വിപ്ലവത്തെ അമർത്തി ക്ഷുഭിതരായ പൗരരെ നിരായുധരാക്കിയ സമയം, തന്റെ കൈവശം വന്നതും, പ്രജകളാൽ വധിക്കപ്പെട്ട ബൊഹാർണെ (Beauharnais) എന്ന പ്രഭുവിന്റേതും ആയ വാൾ, ആ പ്രഭുവിന്റെ പുത്രനായ ജയി (Eugene) അവകാശം പറഞ്ഞ് വാങ്ങിയതാണ് ഇതിലെ കഥാസാരം.

ക്ഷേമം നശിച്ചു, തെരുവീഥികളിൽ ക്രമത്തിൽ
ക്ഷാമം കടന്നു മൂത്തിയാം സചിവയോടുകൂടി;
സാമർത്ഥ്യമുള്ളവരുയിർച്ചുമടേററിയാപൽ-
ധാമം വെടിഞ്ഞിതരദിക്കുകളാശ്രയിച്ചാർ. 4

കൂട്ടാർന്നു പൌരരവിടത്തിലരാജകത്വം
നട്ടാർത്തു നിഷ്ഠുരത കാട്ടിയിരുന്ന കാലം
പട്ടാളവാഴ്ച പുരിയിൽ ബലമോടു *"ബോണാ-
പ്പാർട്ടാം" ചമൂപതി നടത്തി മുടക്കമെന്ന്യേ. 5

നെപ്പോളിയന്റെ പടഹായുധജാലഘോഷം
കേൾപ്പോർക്കു കാതിലിടിവെട്ടിയപോലെ തോന്നി;
തൽപ്പോർമിടുക്കു ഭടനായകനപ്പുരത്തി-
ലെന്നപ്പോഴുമോർമ്മയിൽവരുംവിധമൊട്ടു കാട്ടി. 6

ആരബ്ധകർമ്മസുഭഗാന്തസമർത്ഥനാമീ-
ശ്ശൂരപ്രശസ്തരണശസ്ത്രധരാതിഭീമൻ,
പൌരപ്രമാണികളിലാർത്തിപരത്തി വാഴും
സ്സൂരപ്രചണ്ഡരെ നിരായുധരാക്കി വേഗം. 7

ദാരിദ്ര്യവഹ്നിയിലെരിഞ്ഞു പുകഞ്ഞു കണ്ട-
പാരിസ്സി,ലുള്ളലിവെഴും പൃതനാധിനാഥൻ

---

* നെപ്പോളിയന്റെ മുഴുവൻപേർ നെപ്പോളിയൻ ബോണാപ്പാർട്ട് എന്നാണ്.

കോരിച്ചൊരിഞ്ഞു ധനവർഷമമന്ദ,മേവം
പാരിൽപ്പുതുപ്പുകൾ ഭടപ്പരിഷയ്ക്കു ചേർത്തി. 8

പ്രക്ഷോഭശേഷവിവശത്വമിയന്ന സാധു-
ലക്ഷോപലക്ഷനരരാ നഗരത്തിലന്നാൾ
അക്ഷോഭ്യനാം രണവിദഗ്ദ്ധനെയോർത്തു കല്പ-
വൃക്ഷോപമം, ഹൃദയപൂജ സദാപി ചെയ്തു. 9

കായക്ലമാദി കരുതാതെയഹർന്നിശം നിർ-
മ്മായം നിരീഹനപരർക്കുപകാരമേകി
സ്വായത്തശക്തി വിനിയോജിതമാക്കി, നീതി-
ന്യായം പുനശ്ച പുരിയിൽ തലപൊക്കിനില്പാൻ. 10

തന്നിഷ്ടമിങ്ങിനെ നടത്തിയൊരിക്കൽ വീട്ടിൽ
വന്നിബ്ഭടാധിപതിയങ്കണഭൂവിൽ നില്ക്കേ,
മുന്നിൽ സമൗനമൊരു കുഞ്ഞു കുനിഞ്ഞു നിന്നാൻ
കുന്നിൻചുവട്ടിലൊരു പുൽക്കൊടിയെന്നപോലെ.

“ആരുണ്ണി നീ? എവിടെനിന്നു വരുന്നു?” പൂന്തേൻ-
ചോരുന്ന വാക്കുകളിദം സദയൻ പൊഴിച്ചു;
കാരുണ്യപുഷ്പവനമാർന്ന കുമാരകം! നീ
പോരും തപിപ്പു,തിഹ ഷൾപ്പദമായ് മദിക്കു! 12

“എൻപേർ പ്രഭോ! ‘ജയി’; ഭവാന്റെ പുരാഗമ [ത്തിൻ-
മുമ്പേറ്റവും ക്രുധിതരാകിയ പട്ടണക്കാർ

അമ്പേററുമെൻപ്രിയപിതാവിനെ—”ഹാ! കഠോരം!
തൻപേശലാധരപുടങ്ങൾ വിറച്ചുപോയീ! 13

അത്താരിളംദളവിലോചനമൂഴിയിന്മേൽ
നിർത്താതൊഴുക്കിവിട്ടുമശ്രു വിളംബമെന്ന്യേ
ഉൾത്താപമാക്കുമതുള്ളംപടി നഷ്ടതാത-
വൃത്താന്തമക്ഷരവിഹീനമഹോ! കഥിച്ചു. 14

കെൽപ്പോടു നേക്കു വെടിയുണ്ടകൾ പോരിൽ വീണാ-
ലപ്പോഴുമസ്സമരധീരനൊരാട്ടമില്ല;
ഇപ്പോതമാർന്ന മിഴിനീർമുഖഭാവ,മെന്നാൽ
നെപ്പോളിയന്റെ ഹൃദയത്തെയിളക്കിയല്ലം! 15

ലാളിത്യവും കരുണയും കലരും സ്വരത്തിൽ
കേളിപ്പെട്ടും സുമതി ബാലനൊടോതി വീണ്ടും:—
“വാളിന്റെ വാൾത്താരിരയായ പിതാവു നമ്മേ-
ക്കാളിന്നു ധന്യ,നതിനാലഴൽ വേണ്ട കുഞ്ഞേ! 16

നേരിട്ടു സത്യമുരചെയ്ക! നിണക്കു വേണ്ട-
രന്നോരില്ലയോ? ജനനിയാർ? അവരെങ്ങു വാഴ്വൂ?
ദാരിദ്ര്യമോ വരുവതിന്നിഹ ബന്ധ,മെന്നാൽ
പാരിസ്സു കാത്തുവരുമെൻ ഭവനത്തിൽ വാഴാം. 17

കാലക്രമേണ തവ ദുസ്ഥിതിയാർന്ന നാട്ടി-
ന്നാലംബമായ ഭടനായ്‌വളരാം നിണക്കും;

ആലസ്യമാർന്നു വെറുതേ കളയേണ്ട ബാല്യ-
കാലം; കഴിഞ്ഞ കഥയോർത്തു കരഞ്ഞിടേണ്ട". 18

ഈമാതിരി പ്രണയപേശലവാക്കുകേട്ടാ-
പ്പൂമാലടങ്ങിയ കുമാരനു ധൈര്യമാർന്നു;
പേമാരിപെയ്തു തെളിയും ഗഗനം കണക്ക-
ള്ളാ മായമറ്റൊരൊളി കൊച്ചുമുഖത്തു മിന്നി. 19

ജാതാദരം "ജയി" പറഞ്ഞു ജിതാരിയോ"ടെൻ-
മാതാവു 'ജോഷ്' മരുവുന്നു പുരാന്തരത്തിൽ;
ഭ്രാതാവെനിക്കൊരുവനു,ണ്ടവനാണു ഞങ്ങൾ-
ക്കേതാണ്ടു താപശമനത്തണലായിടുന്നോൻ. 20

അക്കണ്ണിനുള്ള മിഴിയും മുഖഭംഗിയും കാ-
ണ്മോർക്കുള്ളിലെൻജനകരൂപമുദിച്ചുകൊള്ളും;
നോക്കുന്നു ഞങ്ങളവനെ പ്രിയതാതദുഃഖം
വാഴുന്നനേര,മിതുപോൽ കഴിയുന്നു കാലം. 21

അങ്ങക്കിയന്ന ഭയകൊണ്ടു കുറച്ചു വിത്തം
ഞങ്ങൾക്കു ദുഷ്ടപൂർവ്വാസികൾ ബാക്കിവെച്ചു;
ഇങ്ങന്നലാഭവഴിയോർത്തു മനസ്സുമുട്ടി-
ത്താങ്ങാറവനൊന്നൊരുവനെന്നു ശങ്കിച്ചിടൊല്ലേ! 22

ആയുസ്സിരിക്കുകിലിതാ! പറയുന്നു, തീർച്ച-
യായും ഭവാന്റെ വിലയേറുമനുഗ്രഹത്താൽ

ഞാൻ യുദ്ധഭൂമിയിലിറങ്ങിട്ടു,മെന്റെ കൈവാൾ
പായും ദൃഢം ജനകശത്രുജനക്കഴുത്തിൽ! 23

ആ നിഷ്ഠുരാശയർ ഹരിച്ച മദീയതാതൻ
മാനിച്ച വാളതിവിട്ടുന്നു കരസ്ഥമാക്കി;
ഞാനിന്നു കേട്ടു വിവരം ബഹുമോദമോ,ട-
ഭ്യാനിച്ചറിഞ്ഞു വഴി,യിങ്ങു നടന്നുവന്നോൻ. 24

ചേണാർന്നു വാൾപ്പിടിയിലെൻജനകന്റെപേർ"ബോ-
ഹാർണായി"യെന്നു വിലസൽക്കനകാക്ഷരത്തിൽ
കാണാം; ഭവാനു ദയതോന്നണമേ!യെനിക്കൊ-
രാണായിവാണു വരുവാനതുതന്നെ വേണം! 25

തന്നാലുമായുധമെനിക്കവകാശമുള്ള-
തൊന്നാണതെന്റെ മുതലാണിനിയുള്ളകാലം;"
എന്നാസ്സുധീരവരനായ കുമാരനോതി-
നിന്നാൻ; അനീകപതി വിസ്മയതോഷമാർന്നാൻ. 26

പച്ചപ്പുതുപ്രകൃതിയാദ്യമിയന്ന ബാലൻ
പ്രഹരന്നസിംഹഗുണനെന്നവിളംബമപ്പോൾ
ഒച്ചപ്പെടുന്ന സവിധസ്ഥിതസൈനികാഗ്ര്യൻ
തീർച്ചപ്പെടുത്തി നിജസൂക്ഷ്മനിരീക്ഷണത്താൽ. 27

സേനാധിപന്നധിഥിയാകിയ ബാലകന്റെ
പീനാദരാർത്ഥമനയനക്രമമെന്നു തോന്നി

ഭാനായുധപ്പുരയിൽനിന്നു വരുത്തി ഹേമ-
ശ്രീനാമയുക്തരമണീയകൃപാണരത്നം. 28

ചേലാർന്ന വാളടനെയർഭകനായി സൈന്യ-
മേലാറും കൊടുത്തു വിമതത്തലകൊയ്തു കണ്ടാൽ;
ബാലാർക്കനാദ്യകിരണം ക്ഷമയിൽപ്പൊഴിക്കും-
പോലാക്കുമാരനസിപൂണ്ടമിതാഭ വീശി. 29

കൂറോടതേകിയ കരങ്ങൾ വണങ്ങി, വാഴ്ക തൻ-
മാറോടണച്ചു പിതൃഭക്തിവശാന്തരംഗൻ;
വാരോലുമക്ഷിയവനൊട്ടുമറിഞ്ഞിടാതെ-
ഞ്ഞാറോളമശ്രുനറുമുത്തുകൾ താഴെ വീഴ്ത്തി. 30

“ഇന്നാളിലെന്നിലലിവാർന്ന ഭവാനു നന്ദി-
യെന്നാവിനെന്നുമെളുതല്ല പറഞ്ഞു തീർപ്പാൻ”
എന്നാക്കിശോരനുരചെയ്തു മടങ്ങി; നോക്കി-
നിന്നാൻ ഗൃഹാധിപനവൻ മറയുംവരെക്കും. 31

17 DEC 1942